## ശ്ലീഹാക്കാലം അഞ്ചാം ഞായർ - 2016 ജൂൺ 12

(ലൂക്കാ. 12: 22-34)

### വചനസന്ദേശം: റവ. ഫാ. മാർട്ടിൻ ശങ്കൂരിക്കൽ

പറയി പെറ്റ പന്തിരുകുലത്തിന്റെ പിതാമഹൻ വരരുചി പിറന്നു വീഴുന്ന മക്കളെ ലോകമാം തറവാട്ടിലേക്കു നല്കിയിട്ടു യാത്ര തുടരുമ്പോൾ പറയുന്നതിപ്രകാരമാണ്: "വാ കീറിയൻ ഇരയും നല്കും." ജസബെലിന്റെ കിങ്കരന്മാരെ ഭയന്നു പലായനം ചെയ്ത ഏലിയാ പ്രവാചകൻ തളർന്നുറങ്ങുമ്പോൾ ദൈവപരിപാലനയുടെ കാക്കയപ്പങ്ങൾ അവന്റെ വിശപ്പു മാറ്റിയതു നമ്മൾ വായിക്കുന്നു. സറെപ്തായിലെ വിധവയുടെ ഗോതമ്പു മാവ് തീരാതെയും എണ്ണ വറ്റാതെയും കാത്ത ദൈവം തന്നെയല്ലേ മദർ തെരേസയുടെ ഹൗസ് ഓഫ് പ്രോവിഡൻസി (ദൈവപരിപാലനാനുഭവം) ന്റെ ശൂന്യമായ അരിപ്പെട്ടികളെ നിറച്ചത്. എന്നിട്ടും മനഃശാസ്ത്രജ്ഞന്മാരുടെ പക്കൽ ചികിത്സ തേടിയെത്തുന്ന 'ടെൻഷൻ' രോഗികളുടെയിടയിൽ പുതിയൊരു കൂട്ട് ഉദയം ചെയ്തിരിക്കുന്നു Burot our Syndome ജോലിയും ജീവിതപരിസരങ്ങളും ആകുലതകളും ഒരുവന്റെ ജീവന്റെ വിളക്കിലെ എണ്ണ കത്തിച്ചു തീർക്കുന്നു. എരിയുമ്പോഴും കത്തിത്തീരാത്ത ഹോറെബിലെ മുൾപ്പടർപ്പു നമ്മോടു പറയുന്നതെന്താണ്? ചെയ്യപ്പെടുന്ന പ്രവൃത്തിയാൽ എരിഞ്ഞു തീരുന്നവനല്ല ദൈവം. അതേ, വി. അഗസ്റ്റിൻ പറയുന്നതും അതുതന്നെ. "ദൈവം നിരന്തരമായ പ്രവർത്തനവും നിതാന്തമായ ശാന്തതയുമാണ്. ഈ ദൈവസ്വഭാവത്തിലേക്കു വളരുന്നവർക്കാണു ദൈവപരിപാലനയുടെ തണലിൽ ശാന്തമായി ഉറങ്ങാനാവുക."

കർത്താവുയർപ്പിച്ച ലാസറിനെപ്പറ്റി യഹൂദരുടെ ഇടയിൽ ഉണ്ടായിരുന്ന ഐതിഹ്യങ്ങളിലൊന്നു വളരെ വിചിത്രമാണ്. "ഉയർത്തെഴുന്നേറ്റ ലാസർ മുഴുവൻ സമയവും ചിരിക്കുകയായിരുന്നത്രേ!" ജലകുമിളപോലെ ഹ്രസ്വമായ ജീവിതത്തിനിടയിൽ വാരിക്കൂട്ടാനും സ്വന്തമാക്കാനും വെട്ടിപ്പിടിക്കാനും ആർത്തിപിടിച്ചു പായുന്നവരുടെ ആകുലത കണ്ടു ലാസർ നിർത്താതെ ചിരിച്ചതത്രേ! അങ്ങനെ ഓടിത്തളർന്നു വീണ ഒരാൾക്കു ടോൾസ്റ്റോയി ഉചിതമായ നാമകരണം നടത്തി, 'ആറടി മണ്ണിന്റെ ജന്മി." അലക്സാണ്ടർ ഈ സത്യം മനസ്സിലാക്കിയപ്പോഴേക്കും വൈകിപ്പോയിരുന്നു. പേർഷ്യയിലെ മധുപാനോത്സവത്തിനിടെ പനി ബാധിച്ചു മരിക്കുന്നതിനുമുമ്പു ഒരേയൊരു ആവശ്യമേ അലക്സാണ്ടർ സേവകരോടു പറഞ്ഞുള്ളൂ. "എന്റെ രണ്ടു കൈകളും ശവമഞ്ചത്തിന്റെ പുറത്തിടണം. ലോകം കീഴടക്കിയ എന്റെ കൈകളുടെ ശൂന്യത ലോകം കാണട്ടെ."

എന്നിട്ടും നമ്മുടെ ലോകം അറപ്പുരകൾ പണിയുന്ന ഭോഷനു ശിഷ്യപ്പെടുകയാണ്. സർവവും യേശുനാഥനായി സമർപ്പണം ചെയ്തിടുന്നു ഞാൻ എന്ന ഗാനം പാടി ദോവലയത്തിൽ നിന്നിറങ്ങുന്നവൻ എന്റെ ചെരുപ്പു കാണുന്നില്ലെന്നു പറഞ്ഞു ബഹളമുണ്ടാക്കുകയാണ്. ബലിക്കുള്ള കുഞ്ഞാടിനെ ദൈവം തരും എന്നു പറഞ്ഞു കുഞ്ഞ് ഇസഹാക്കിനെ ധൈര്യപ്പെടുത്തുന്ന അബ്രാഹത്തിനു പകരം അപ്പച്ചന്മാർ മാതൃകയാക്കുന്നത് അതിബുദ്ധിയുള്ള 'പൊൻമാന്മാരെ'യാണ്. അവർ ആകുലതകളുടെ കിണറ്റിൽ മുട്ടയിട്ടുകൊണ്ടേയിരിക്കുന്നു. ഭാവി സുരക്ഷയുടെ സ്കോളർഷിപ്പു കീറിക്കളഞ്ഞു സെമിനാരിയിൽ ചേരാൻ വിദ്യാർത്ഥിയായ ഫുൾട്ടൻ ജെ. ഷീനെ ഉപദേശിക്കുന്ന ആത്മീയപിതാക്കന്മാരും നമുക്കില്ല. പകരം വടിയും ചെരിപ്പും പണസഞ്ചിയും കൊടുത്തു സകലരെയും സ്വയം പര്യാപ്തരാക്കാനാണു നമുക്കിഷ്ടം. വീട്ടിൽ ഉറവ വറ്റാത്ത കിണറ്റിൽ നിന്നു വെള്ളം കോരുന്നതിനു പകരം ആലുവ വെള്ളത്തിനായി നമ്മൾ വാട്ടർ അതോറിറ്റിയുടെ മുമ്പിൽ ക്യൂ നില്ക്കുകയാണ്. അതേ, നമ്മുടെ കാലത്തു ദൈവപരിപാലനയെന്നതു നിറം പിടിപ്പിച്ച ഒരു മിത്തായി മാറിക്കഴിഞ്ഞു. അപ്പംകൊണ്ടു മാത്രം മനുഷ്യൻ ജീവിക്കുന്നൊരു കാലത്തു ദൈവപരിപാലന എടുക്കാത്ത നാണയമായിക്കഴിഞ്ഞു. ഇപ്പോൾ ഓർമയിൽ വരുന്നു, ആത്മീയതയിലെ ഭരതവാക്യം - A Self Sufficient man cannot Pray - സ്വയം പര്യാപ്തനെന്നു കരുതുന്നവനു പ്രാർത്ഥിക്കാനാവില്ല. അവനെ സംബന്ധിച്ചു ദൈവവും പാരസെറ്റമോൾ ഗുളികയും ആവശ്യം വരുമ്പോൾ മാത്രം ഉപയോഗിക്കാനുള്ളതാണ്.